(ഡി) ഇത് മുൻ സാമ്പത്തിക വർഷത്തേക്കാൾ ഉള്ള വ്യത്യാസം എത്രയെന്ന് അറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഭയകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഭയ കേന്ദ്രങ്ങൾ താഴെ ചേർക്കുന്നു:

1. മഹിളാ മന്ദിരങ്ങൾ
2. വൃദ്ധ മന്ദിരങ്ങൾ
3. ആശാഭവനുകൾ
4. ജുവനൈൽ ഹോമുകൾ
5. ഒബ്സർവേഷൻ ഹോമുകൾ
6. ചിൽഡ്രൻസ് ഹോം
7. വികലാംഗ സദനങ്ങൾ
8. ബുദ്ധിമാന്ദ്യമുള്ളവരെ പാർപ്പിക്കാനുള്ള സ്ഥാപനങ്ങൾ
9. റസ്ക്യൂ ഹോമുകൾ എന്നിവയാണ്.

അവയുടെ സ്ഥലവും മേൽവിലാസവും അനുബന്ധമായി നൽകിയിട്ടുണ്ട്.†

(ബി) അനാഥരെയും, അഗതികളെയും വൃദ്ധജനങ്ങൾ, കുട്ടികൾ, അംഗവൈകല്യങ്ങൾ ഉള്ളവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മാനസിക അസുഖം ഭേദപ്പെട്ട് വീട്ടിൽ സംരക്ഷിക്കാനാളില്ലാത്തവർ, കുറ്റകൃത്യങ്ങളിൽപ്പെട്ട കുട്ടികൾ തുടങ്ങിയവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് അഭയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്.

(സി) 2003-2004 സാമ്പത്തിക വർഷം 3,52,04,281 രൂപ (അണ്‍ റിക്കൺസൈൽഡ്) ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) 65,52,304 രൂപയാണ് മുൻവർഷത്തേക്കാൾ അധികമായി ചെലവഴിച്ചത്.

(ഇ) ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വകുപ്പ് തലത്തിൽ റിവ്യൂ ചെയ്തു വരുന്നുണ്ട്.

സാധുജന സംരക്ഷണ പദ്ധതി

48 [3056] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004-ലെ ബഡ്ജറ്റിൽ സാധുജന സംരക്ഷണത്തിനായി 48 കോടി നീക്കിവെച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്;

(സി) ആയതിനുള്ള ഫണ്ട് ഏതുവകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര തുക ചെലവാക്കി;

(ഇ) ഒരു വകുപ്പിന്റെ പദ്ധതിയായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും മറ്റൊരു വകുപ്പിനെ ഫണ്ട് ഏൽപ്പിക്കുകയും പദ്ധതി നടപ്പാക്കാൻ വേറൊരു വകുപ്പിനെ ചുമതലപ്പെടുത്തുകയും രണ്ടുവർഷമായി പദ്ധതി നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണമെന്താണ്; വിശദമാക്കാമോ;

(എഫ്) 2004-2005 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ 2003-2004 ബഡ്ജറ്റിൽ 2235 എന്ന ശീർഷകത്തിൽ സാധുജന സംരക്ഷണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ഇതേ ആവശ്യത്തിലേക്കായി തൊഴിൽ വകുപ്പിന്റെ 2230 ശീർഷകത്തിൽ 48 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. 2003-2004-ലെ പ്ലാൻ റൈറ്റ് അപ്പ് പ്രകാരം കുടുംബശ്രീയാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

(സി ആന്റ് ഡി) ഇക്കാര്യം തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്.

(ഇ) 2003-2004 വർഷത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ബഡ്ജറ്റിൽ സാധുജന സംരക്ഷണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(എഫ്) 2004-2005 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ ഇതിനായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ജി) സാധുജന സംരക്ഷണ പദ്ധതി താഴെ പറയും പ്രകാരം നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും അവരുടെ കുട്ടികൾക്കും (കുട്ടികൾ വകുപ്പിലെ തന്നെ ഏതെങ്കിലും സ്ഥാപനങ്ങളിൽ താമസിക്കുകയാണെങ്കിൽ) ഒരുമിച്ച് കഴിയുന്നതിന് വീട് നിർമ്മിച്ച് കൊടുക്കുന്നതിനോ, ചെറിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ വേണ്ടിയും ക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് വിവാഹം കഴിഞ്ഞ് പോകുന്ന പെൺകുട്ടികളുടെ ജീവിത മാർഗ്ഗത്തിന് വേണ്ടിയും പരമാവധി 10,000 രൂപ അനുവദിക്കുന്നതാണ്.

2. കുടുംബശ്രീ തെരഞ്ഞെടുത്തിട്ടുള്ള 179 പഞ്ചായത്തുകളിലെ അഗതി കുടുംബങ്ങൾക്ക് അവരുടെ ആവശ്യകതയ്ക്കനുസൃതമായി മറ്റ് ഏജൻസികൾ/ വകുപ്പുകൾ എന്നിവ നൽകുന്നതുകയ്ക്ക് പുറമെ ഒരു കുടുംബത്തിന് പരമാവധി 10,000 രൂപ എന്ന് നിജപ്പെടുത്തി അതാത് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്നതാണ്.

ബി. പി. എൽ.-ൽ ഉൾപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

49 [3057] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഓരോ പദ്ധതിയുടെയും വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 'ബാലികാ സമൃദ്ധി യോജന' എന്ന പദ്ധതി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി നടപ്പിലാക്കിവരുന്നു.

(ബി) 1997 ആഗസ്റ്റ് 15-നോ അതിനുശേഷമോ ജനിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 2 പെൺകുട്ടികൾക്കുവരെ 500 രൂപ വീതം കുട്ടിയുടേയും സി.ഡി.പി.ഒ.-യുടേയും പേരിൽ മുന്തിയ പലിശ ലഭിക്കുന്ന ദേശസാൽകൃത ബാങ്കിലോ, പോസ്റ്റാഫീസിലോ (സേവിംഗ്സ് അക്കൗണ്ട്സ്) നിക്ഷേപിക്കുകയും കുട്ടികൾക്ക് പ്രായപൂർത്തിയാകുമ്പോൾ തിരികെ നൽകുകയും ചെയ്യുന്നു.

കൂടാതെ വിദ്യാഭ്യാസത്തിനായി 1 മുതൽ 3 വരെയുള്ള ക്ലാസിൽ 300 രൂപ വീതവും 4-ാം ക്ലാസിൽ 500 രൂപ വീതവും 5-ൽ 600 രൂപ വീതവും 6-7-ൽ 700 രൂപ വീതവും 8-ൽ 800 രൂപ വീതവും 9-10-ൽ 1000 രൂപ വീതവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly